# ജി.എൽ.പി.സ്കൂൾ. കർക്കിടാംകുന്ന്

# അക്കാദമിക്

# മാസ്റ്റർ പ്ലാൻ

*2025-26*

# <u>ആമുഖം</u>

*പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ സ്ഥാപനപരമായ*

**സുപ്രധാന രേഖയാണ് അക്കാദമിക് മാസ്റ്റർപ്ലാൻ.നവകേരള സൃഷ്ടിയുടെ**

**ഭാഗമായി അക്കാദമികരംഗം കൂടുതൽ ശക്തമാക്കുന്നതിനായി എല്ലാ**

**വിദ്യാലയങ്ങളിലും അക്കാദമിക മാസ്റ്റർപ്ലാനുകൾ തയ്യാറാക്കി,അതനുസരിച്ച്**

**മികച്ച പ്രവർത്തങ്ങൾ ഏറ്റെടുത്ത് നടത്തി നല്ല മാതൃകകൾ സൃഷ്ടിച്ചിട്ടുണ്ട്.**

**കുട്ടികളുടെ അവകാശങ്ങളെ സംരക്ഷിച്ചുകൊണ്ട് ഓരോ വിദ്യാലയവും**

**മികവിന്റെ കേന്ദ്രമാക്കാൻ വേണ്ടി സമഗ്രമായി ആസൂത്രണം ചെയ്ത**

**പ്രവർത്തന പദ്ധതിയാണ് അക്കാദമിക് മാസ്റ്റർപ്ലാൻ.**

# സ്കൂൾ ചരിത്രം

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് ബ്ലോക്കിൽ ഉൾപ്പെട്ട അലനല്ലൂർപഞ്ചായത്തിലെ പത്തൊമ്പതാം വാർഡ് ആയ നല്ലൂർപുള്ളി എന്ന ഗ്രാമത്തിലാണ് ജി. എൽ. പി. സ്കൂൾ കർക്കിടാംകുന്ന് എന്ന ഈ സ്ഥാപനം സ്ഥിതി ചെയ്യുന്നത്.

വിദ്യാഭ്യാസപരമായി വളരെയധികം പിന്നോക്കം ആയിരുന്ന ഈ പ്രദേശത്ത് 1956 ൽ സ്ഥാപിതമായതാണ് ഈ വിദ്യാലയം. സ്കൂളിന് വേണ്ട സ്ഥലവും കെട്ടിടവും നൽകിയത് നല്ലൂർപുള്ളിമലയിലെ പരേതനായ ശ്രീ. നാരായണൻ നമ്പൂതിരിയാണ്. സ്കൂൾ കെട്ടിടത്തിന് വാടക നൽകിയാണ് സർക്കാർ ആദ്യം ഈ സ്കൂൾ തുടങ്ങിയത്. കെട്ടിടം പണി പൂർത്തിയാകാത്തതിനാൽ നല്ലുർപുള്ളി മനയിലെ  കൊട്ടിലിലാണ് ആദ്യ ക്ലാസ് ആരംഭിച്ചത്. പിന്നീട് കെട്ടിടം പണിപൂർത്തിയാക്കി ഇപ്പോഴുള്ള സ്ഥലത്ത് അദ്ധ്യാനം ആരംഭിച്ചു.

സ്കൂൾ തുടങ്ങിയ കാലത്ത് ഏകദേശം 12 വയസ്സുള്ള കുട്ടികൾ വരെ ഒന്നാം ക്ലാസിൽ ചേർന്നിരുന്നു.. അടുത്തെങ്ങും സ്കൂൾ ഇല്ലാതിരുന്ന കാലത്ത് അവർക്ക് ഉചിതമായ സമയത്ത് സ്കൂളിൽ ചേരാനുള്ള സാഹചര്യം ഇല്ലായിരുന്നു.. നാട്ടുകാരുടെയും അധ്യാപകരുടെയും പ്രവർത്തനഫലമായി വളരെക്കാലം സ്കൂൾ നല്ല നിലയിൽ പ്രവർത്തിച്ചു. പിന്നീട് കാലഘട്ടത്തിൻറെ മാറ്റം കൊണ്ടും ചില രക്ഷിതാക്കളുടെ  ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുള്ള ആഭിമുഖ്യം കാരണം ഈ വിദ്യാലയത്തിൽ കുട്ടികളുടെ കുറവുണ്ടായി. ആ അവസ്ഥയിൽ നിന്നും ഇപ്പോൾ വിദ്യാലയം ഏറെ മെച്ചപ്പെട്ടിട്ടുണ്ട് എങ്കിലും ഇപ്പോഴും ധാരാളം പരിമിതികൾ ഉണ്ട്. പ്രീ പ്രൈമറി ഉൾപ്പെടെ നാലാം ക്ലാസ് വരെയുള്ള ക്ലാസുകളിലായി 135 വിദ്യാർത്ഥികൾ ഇപ്പോൾ ഈ വിദ്യാലയത്തിൽ പഠിക്കുന്നു.

# കാഴ്ചപ്പാട്

ഈ വിദ്യാലയത്തിലെ ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠന നേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ നല്ല പഠനാന്തരീക്ഷവും മികച്ച പഠന രീതികളും സംജാതമാക്കുന്നു.

# ലക്ഷ്യങ്ങൾ

1. ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.
2. വിദ്യാലയത്തിൽ കുട്ടികളുടെ പൂർണ്ണപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
3. വിദ്യാർഥികൾക്ക് ക്ലാസ് മുറിയിലെ പഠന പ്രവർത്തനങ്ങൾക്ക് പുറമേ കലാ, കായിക, പ്രവർത്തി പരിചയ, പഠന പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
4 വിദ്യാലയത്തിലെ പഠന പിന്തുണ സംവിധാനങ്ങൾ ആയ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.
5 സുസ്ഥിര വികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ( കളി ഉപകരണങ്ങൾ, ഉദ്യാനം, മൈതാനം )എന്നിവ വിദ്യാർത്ഥി സൗഹൃദമായി രൂപകൽപ്പന ചെയ്യുകയും വിദ്യാർത്ഥികളോടൊപ്പം സമൂഹത്തിനാകെ ഉപയോഗപ്രദമാക്കുന്നു.
.6 ഓരോ അധ്യാപികയും ആധുനിക സാങ്കേതിക വിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർ നിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുകയും ചെയ്യുന്നു.
7 വിദ്യാർത്ഥികളും വിദ്യാർത്ഥികളും തമ്മിലും വിദ്യാർഥികളും അധ്യാപകരും തമ്മിലും അധ്യാപകരും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
8 ഓരോ വിദ്യാർത്ഥിയെയും ഒരു യൂണിറ്റായി കണ്ടു കൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാക്കുന്ന തരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു.
9 പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

# അവസ്ഥാപഠനം

## 1 .പാഠ്യപദ്ധതി വിനിമയം

### ഒന്നാം ക്ലാസ്

ഭാഷ

മേഖല- വായന

ഒന്നാം ക്ലാസിലെ കുട്ടികളിൽ 50 ശതമാനത്തിലേറെ കുട്ടികൾക്കും അവരുടെ നിലവാരത്തിൽ വായിക്കാൻ കഴിയുന്നുണ്ട് .40% കുട്ടികൾ അധ്യാപകന്റെ സഹായത്തോടുകൂടിയും 10% കുട്ടികൾ വായിക്കാനുള്ള ശ്രമം നടത്തുകയും ചെയ്യുന്നുണ്ട്.

ഭാഷണം

25% കുട്ടികൾ  ഭാഷണം അവരുടെ നിലവാരത്തിൽ നന്നായി ചെയ്യുന്നു. 50% കുട്ടികൾ അധ്യാപികയുടെ സഹായത്തോടെയും 25% കുട്ടികൾ ഇനിയും മെച്ചപ്പെടേണ്ടതുണ്ട്

ലേഖനം

ഒന്നാം ക്ലാസിലെ 45% കുട്ടികൾ നിർദ്ദിഷ്ട നിലവാരത്തിൽ ലേഖനം നടത്തുന്നു. 30 ശതമാനം കുട്ടികൾക്ക് അധ്യാപികയുടെ സഹായം ആവശ്യമാണ്. 25% കുട്ടികൾ ലേഖനത്തിൽ അവരുടെ കഴിവ് മെച്ചപ്പെടുത്താൻ ശ്രമിക്കുന്നു.

ഇംഗ്ലീഷ്

വായന

40% കുട്ടികൾ ഇംഗ്ലീഷ് വായനയിൽ നിലവാരം പുലർത്തുന്നു. 50 ശതമാനം കുട്ടികൾക്കും അധ്യാപികയുടെ സഹായം ആവശ്യമാണ്. 10% കുട്ടികൾക്ക് ഈ ശേഷി നേടുന്നതിന് കൂടുതൽ ശ്രദ്ധയും പരിശ്രമവും ആവശ്യമാണ്.

ലേഖനം

12% കുട്ടികൾ പ്രതീക്ഷിത നിലവാരത്തിൽ ഇംഗ്ലീഷ് ലേഖനം നടത്തുന്നുണ്ട് .80 ശതമാനം കുട്ടികൾക്കും അധ്യാപികയുടെ സഹായം ആവശ്യമാണ്. എട്ടു ശതമാനം കുട്ടികൾക്ക് കൂടുതൽ ശ്രദ്ധയും കൈത്താങ്ങും ഈ വിഷയത്തിൽ ആവശ്യമുണ്ട്.

ഭാഷണം

40  ശതമാനം കുട്ടികൾ ഭാഷണത്തിൽ നിലവാരം പുലർത്തുന്നു. 40% കുട്ടികൾക്ക് മുതിർന്നവരുടെ സഹായം ആവശ്യമാണ്. 20%കുട്ടികൾ ഈ മേഖലയിൽ വളരെ പിന്നിലാണ്.

## ഗണിതം

### മേഖല- സംഖ്യാ വ്യാഖ്യാനം

80 ശതമാനം കുട്ടികൾക്കും നിർദ്ദേശിഷ്ട നിലവാരത്തിലുള്ള സംഖ്യാ വ്യാഖ്യാനം നടത്താൻ കഴിയുന്നുണ്ട്. 10% കുട്ടികൾക്ക് അധ്യാപികയുടെ സഹായം ആവശ്യമാണ്. 10% കുട്ടികൾക്ക് കൂടുതൽ ശ്രദ്ധയും കൈത്താങ്ങും ആവശ്യമാണ്

### മേഖല-പ്രശ്നപരിഹരണം

ഈ മേഖലയിൽ 15 ശതമാനം കുട്ടികൾക്ക് മാത്രമാണ് പ്രതീക്ഷിത നിലവാരം ഉള്ളത്. 75% കുട്ടികൾക്കും അധ്യാപികയുടെ സഹായം ആവശ്യമാണ്. 10% കുട്ടികൾ ഇനിയും കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്.

### മേഖല-യുക്തിസമർത്ഥനം

15 ശതമാനം കുട്ടികൾ നിർദ്ദിഷ്ട നിലവാരം പുലർത്തുന്നു. 70% കുട്ടികൾക്കും അധ്യാപികയുടെ സഹായത്തോടെ നിർദ്ദിഷ്ട നിലവാരം പാലിക്കാൻ കഴിയുന്നുണ്ട് 15 ശതമാനം കുട്ടികൾക്ക് ഈ മേഖലയിൽ കൂടുതൽ കൈത്താങ്ങ് ആവശ്യമാണ്.

## ശാസ്ത്രഭിമുഖ്യം

### മേഖല തെളിവുകളുടെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കൽ

70% കുട്ടികൾക്കും ഈ മേഖലയിൽ നിർദ്ദിഷ്ട നിലവാരം പുലർത്താൻ കഴിയുന്നു. 20% കുട്ടികൾക്ക് ചെറിയ സഹായത്തോടെ ചെയ്യാൻ കഴിയുന്നുണ്ട്. 10% കുട്ടികൾക്ക് കൂടുതൽ ശ്രദ്ധ ആവശ്യമാണ്.

### മേഖല അന്വേഷിച്ച് കണ്ടെത്താനുള്ള താല്പര്യം

40% കുട്ടികൾക്ക് ഈ മേഖലയിൽ നിർദ്ദേശിക്കപ്പെട്ട നിലവാരം ഉണ്ട്. 45% കുട്ടികൾക്ക് മറ്റുള്ളവരുടെ സഹായത്തോടെ കാര്യങ്ങൾ ചെയ്യാൻ കഴിയുന്നു. 15 ശതമാനം കുട്ടികളാണ് ഈ മേഖലയിൽ കൂടുതൽ സഹായം ആവശ്യപ്പെടുന്നത്.

## സാമൂഹികാവബോധം

### മേഖല-സന്ദർഭാനുസരണം വ്യാഖ്യാനിക്കുന്നു.

20% കുട്ടികൾക്ക് മാത്രമാണ് ഈ മേഖലയിൽ മികവുള്ളത് 60% കുട്ടികൾക്ക് സഹായം ആവശ്യമാണ്. 20% കുട്ടികൾക്ക് കൂടുതൽ ശ്രദ്ധയും കൈത്താങ്ങും ആവശ്യമാണ്

മേഖല വിമർശനപരമായി വിലയിരുത്തുന്നു.

35 ശതമാനം കുട്ടികൾ ഈ ശേഷി നിർദിഷ്ട നിലവാരത്തിൽ സ്വായത്ത മാക്കിയിട്ടുണ്ട് .50 ശതമാനം കുട്ടികൾക്കും അധ്യാപികയുടെ ചെറിയ സഹായം ആവശ്യമാണ്. 15 ശതമാനം കുട്ടികൾക്ക് കൂടുതൽ കൈത്താങ്ങ് നൽകേണ്ടതുണ്ട്.

## രണ്ടാം ക്ലാസ്

### ഭാഷ

മേഖല- വായന

25% കുട്ടികൾ നിർദിഷ്ട നിലവാരം പുലർത്തുന്നു. 50 ശതമാനം കുട്ടികൾ അധ്യാപികയുടെ ചെറിയ സഹായത്തോടെ വായിക്കുന്നു. 25% കുട്ടികൾക്ക് കൂടുതൽ ശ്രദ്ധയും കൈത്താങ്ങും ആവശ്യമാണ്

ഭാഷണം

50 ശതമാനം കുട്ടികൾ ഈ മേഖലയിൽ നിർദിഷ്ട നിലവാരം പുലർത്തുന്നു. 40% കുട്ടികൾക്ക് അധ്യാപികയുടെ ചെറിയ സഹായം ആവശ്യമാണ്. 10% കുട്ടികൾക്ക് കൂടുതൽ ശ്രദ്ധയും സഹായവും ആവശ്യമുണ്ട്

മേഖല- ലേഖനം

30 ശതമാനം കുട്ടികളാണ് നിർദിഷ്ട നിലവാരം പുലർത്തുന്നത്. 40% കുട്ടികൾക്ക് അധ്യാപികയുടെ സഹായത്തോടെ ശേഷി ആർജിക്കാൻ കഴിയുന്നുണ്ട്. 30 ശതമാനം കുട്ടികൾക്ക് അധ്യാപകരുടെയോ രക്ഷിതാവിന്റെയോ കൂടുതൽ ശ്രദ്ധയും പരിചരണവും ആവശ്യമുണ്ട്.

### ഇംഗ്ലീഷ്

മേഖല വായന

30% കുട്ടികളാണ് ഈ മേഖലയിൽ നിർദ്ദിഷ്ട നിലവാരം പുലർത്തുന്നത്. 50 ശതമാനം കുട്ടികൾക്ക് മറ്റുള്ളവരുടെ സഹായത്തോടുകൂടി വായിക്കാൻ കഴിയുന്നുണ്ട്. 20 ശതമാനം കുട്ടികൾക് പരസഹായത്തോടുകൂടി വായിക്കാൻ ശ്രമിക്കുന്നുണ്ട്.

ലേഖനം

35 ശതമാനം കുട്ടികൾക്ക് നിശ്ചിത നിലവാരത്തിൽ എത്താൻ കഴിഞ്ഞിട്ടുണ്ട്. 40% കുട്ടികൾക്ക് ഈ മേഖലയിൽ ചെറിയ സഹായം ആവശ്യമുണ്ട്. 25% കുട്ടികൾ കൂടുതൽ ശ്രദ്ധ ആവശ്യപ്പെടുന്നുണ്ട്.

ഭാഷണം

15 ശതമാനം കുട്ടികളാണ് ഭാഷണത്തിൽ നിർദിഷ്ട നിലവാരം പുലർത്തുന്നത്. 65% കുട്ടികൾക്കും അധ്യാപികയുടെ സഹായത്തോടുകൂടി നിലവാരത്തിലേക്ക് എത്താൻ കഴിയുന്നു. 20% കുട്ടികൾക്ക് കൂടിയ അളവിലുള്ള ശ്രദ്ധയും കൈത്താങ്ങും ആവശ്യമുണ്ട്

### ശ്രവണം

40% കുട്ടികൾക്ക് കാര്യങ്ങൾ നന്നായി ചെയ്യാൻ കഴിയുന്നു. 35% കുട്ടികൾക്ക് അധ്യാപികയുടെ സഹായത്തോടുകൂടി ശേഷി ആർജിക്കാൻ കഴിയുന്നു. 25% കുട്ടികൾക്ക് കൂടുതൽ ശ്രദ്ധയും സഹായവും ആവശ്യമുണ്ട്.

## ഗണിതം

### മേഖല- സംഖ്യാ വ്യാഖ്യാനം

40% കുട്ടികൾക്ക് സംഖ്യാ വ്യാഖ്യാനം കഴിയുന്നുണ്ട്. 40 ശതമാനം കുട്ടികൾക്ക് അധ്യാപകരുടെ സഹായത്താൽ ഈ ശേഷി ആർജിക്കാൻ ആവുന്നുണ്ട് 20 ശതമാനം കുട്ടികൾ പ്രത്യേക ശ്രദ്ധയും കൈത്താങ്ങും ആവശ്യമുള്ളവരാണ്.

### മേഖല- പ്രശ്നപരിഹരണം

10% കുട്ടികൾ മാത്രമാണ് മികച്ച നിലയിൽ പ്രശ്നപരിഹരണം നടത്തുന്നത്. 55 ശതമാനം കുട്ടികൾക്കും അധ്യാപികയുടെ സഹായം ആവശ്യമുണ്ട്. 35 ശതമാനം കുട്ടികൾ കൂടുതൽ ശ്രദ്ധയും കൈത്താങ്ങും ആവശ്യമുള്ളവരാണ്
.

### മേഖല-ഗണിതഭാഷ

20% കുട്ടികൾ ഈ ശേഷി ആർജിച്ചിട്ടുണ്ട്. 50 ശതമാനം കുട്ടികൾക്കും അധ്യാപികയുടെ സഹായത്താൽ ചെയ്യാൻ കഴിയുന്നുണ്ട്. 30 ശതമാനത്തിന് പ്രത്യേക ശ്രദ്ധയും കരുതലും ആവശ്യമുണ്ട്.

### മേഖല- നിർമ്മാണം

40% കുട്ടികൾ നിർമ്മാണ പ്രവർത്തനങ്ങളിൽ മികവുപുലർത്തുന്നു. 50 ശതമാനം വിദ്യാർഥികൾക്ക് ചെറിയ സഹായം സ്വീകരിച്ചുകൊണ്ട് പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിയുന്നു. 10% ത്തിന് കൂടുതൽ ശ്രദ്ധയും കൈത്താങ്ങും ആവശ്യമുണ്ട്

### മേഖല- യുക്തി സമർത്ഥനം

20 ശതമാനം കുട്ടികൾ മാത്രമാണ് ഈ മേഖലയിൽ മികവുപുലർത്തുന്നത്. 60% കുട്ടികൾ ചെറിയ സഹായം സ്വീകരിച്ചുകൊണ്ട് പ്രവർത്തനങ്ങൾ

പൂർത്തിയാക്കുന്നു.. 20% കുട്ടികൾക്ക് ഈ മേഖലയിൽ വലിയ പിന്തുണയും ശ്രദ്ധയും ആവശ്യമാണ്

വിഷയം-സാമൂഹികാവബോധം

മേഖല- സന്ദർഭാനുസരണം വ്യാഖ്യാനിക്കുന്നു

50% കുട്ടികൾക്ക് ഈ മേഖലയിൽ കഴിവ് തെളിയിക്കാൻ കഴിയുന്നുണ്ട്. 40% പേർക്ക് പര സഹായത്തോടെ ശേഷി ആർജിക്കാൻ കഴിയുന്നു. 10% കുട്ടികൾക്ക് കൂടുതൽ ശ്രദ്ധയും അവസരങ്ങളും നൽകേണ്ടതുണ്ട്.

മേഖല-വിമർശനപരമായി വിലയിരുത്തുന്നു

70 ശതമാനം കുട്ടികളും ഈ മേഖലയിൽ മികവുപുലർത്തുന്നുണ്ട്. 20 ശതമാനം വിദ്യാർത്ഥികൾക്ക് അധ്യാപകരുടെ ചെറിയ സഹായം കൊണ്ട് ശേഷി ആർജിക്കാനാവുന്നു. 10% കുട്ടികൾക്കാണ് കൂടുതൽ ശ്രദ്ധയും കൈത്താങ്ങും ആവശ്യമുള്ളത്.

ശാസ്ത്രാഭിമുഖ്യം

മേഖല- തെളിവുകളുടെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കൽ

70% കുട്ടികൾക്കും ഈ മേഖലയിൽ  നിർദിഷ്ട്ട നിലവാരത്തിൽ എത്താൻ കഴിഞ്ഞിട്ടുണ്ട്. 20 ശതമാനം വിദ്യാർത്ഥികൾക്ക് അധ്യാപികയുടെ ചെറിയ സഹായം സ്വീകരിച്ചുകൊണ്ട് പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിയുന്നു. 10% വിദ്യാർത്ഥികൾക്ക് കൂടുതൽ പരിഗണനയും അവസരങ്ങളും നൽകേണ്ടതുണ്ട്.

മേഖല- അന്വേഷിച്ച് കണ്ടെത്താനുള്ള താല്പര്യം

55 ശതമാനം കുട്ടികൾ ഈ മേഖലയിൽ മികവുപുലർത്തുന്നുണ്ട്. 30 ശതമാനം കുട്ടികൾക്ക് ചെറിയ സഹായം സ്വീകരിച്ചുകൊണ്ട് പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിയുന്നു. 15 ശതമാനം കുട്ടികൾക്ക് കൂടുതൽ ശ്രദ്ധയും പരിഗണനയും ആവശ്യമുണ്ട്.

## മൂന്നാം ക്ലാസ്

ഭാഷ

മേഖല- വായന

40% കുട്ടികളാണ്  നിർദിഷ്ട നിലവാരത്തിൽ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നത്. 30% കുട്ടികൾക്ക് ചെറിയ സഹായം ആവശ്യമുണ്ട്. 30% കുട്ടികൾക്ക് വലിയ രീതിയിൽ ശ്രദ്ധയും കൈത്താങ്ങും ആവശ്യമാണ്

## മേഖല -ലേഖനം

40 ശതമാനം കുട്ടികൾ ഈ മേഖലയിൽ പുലർത്തുന്നു. 30% കുട്ടികൾക്ക് ചെറിയ സഹായത്തോടെ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിയുന്നു. ബാക്കി 30 ശതമാനത്തിന് കൂടുതൽ ശ്രദ്ധയും കൈത്താങ്ങും ആവശ്യമുണ്ട്

## മേഖല- ഭാഷണം

50 ശതമാനം കുട്ടികൾ ഭാഷണത്തിൽ മികവ് പുലർത്തുന്നു. 30 ശതമാനം കുട്ടികൾക്ക് അധ്യാപകരുടെ ചെറിയ സഹായം സ്വീകരിച്ചുകൊണ്ട് പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിയുന്നു.. 20% ത്തിന് കൂടുതൽ ശ്രദ്ധയും പരിഗണനയും നൽകേണ്ടതുണ്ട്.

## വിഷയം- ഇംഗ്ലീഷ്

## മേഖല- വായന

30% കുട്ടികൾ വായനയിൽ നിർദ്ദിഷ്ട നിലവാരം പുലർത്തുന്നു. 30 ശതമാനം കുട്ടികൾ അധ്യാപികയുടെ സഹായത്തോടെ വായിക്കുന്നു. 60% കുട്ടികൾക്ക് കൂടുതൽ ശ്രദ്ധയും കൈത്താങ്ങും നൽകേണ്ടതുണ്ട്

## മേഖല- ലേഖനം

30% കുട്ടികൾ ഈ മേഖലയിൽ നിർദ്ദിഷ്ട നിലവാരം പുലർത്തുന്നു. 30 ശതമാനം കുട്ടികൾ അധ്യാപികയുടെ സഹായത്തോടെ ലേഖന പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നു. 60% കുട്ടികൾക്ക് കൂടുതൽ ശ്രദ്ധയും കൈത്താങ്ങും നൽകേണ്ടതുണ്ട്

## മേഖല - ഭാഷണം

20% കുട്ടികൾക്കാണ് ഈ മേഖലയിൽ മികവ് ഉള്ളത്. 60% കുട്ടികൾക്ക് അധ്യാപികയുടെ കൈത്താങ്ങ് ആവശ്യമുണ്ട്. 20% കുട്ടികൾക്ക് വലിയ ശ്രദ്ധയും പരിഗണനയും ഈ മേഖലയിൽ ആവശ്യമാണ്.

## വിഷയം- ഗണിതം

## മേഖല- ഗണിത ഭാഷ

40 ശതമാനം കുട്ടികൾക്ക് ഈ മേഖലയിൽ മികവുണ്ട്. 35% കുട്ടികൾക്ക് അധ്യാപികയുടെ ചെറിയ സഹായം ആവശ്യമാണ് . 25% കുട്ടികൾ കൂടുതൽ ശ്രദ്ധയും പരിഗണനയും അർഹിക്കുന്നവരാണ്

## മേഖല- പ്രശ്നപരിഹരണം

-

40% കുട്ടികൾക്കാണ് ഈ മേഖലയിൽ മികവുള്ളത്. 30 ശതമാനം പേർക്ക് ചെറിയ സഹായത്തോടെ പ്രശ്നപരിഹരണം സാധ്യമാകുന്നു. 30% കുട്ടികൾക്ക്

അധ്യാപികയുടെ അല്ലെങ്കിൽ രക്ഷിതാവിൻറെ കൂടുതൽ ശ്രദ്ധയും കൈത്താങ്ങും ആവശ്യമുണ്ട്.

മേഖല- സംഖ്യവ്യാഖ്യാനം

55 ശതമാനം കുട്ടികൾക്ക് സംഖ്യാ വ്യാഖ്യാനം സാധ്യമാകുന്നു. 25% കുട്ടികൾ ചെറിയ സഹായം സ്വീകരിച്ചുകൊണ്ട് പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നു. 20 ശതമാനം കുട്ടികൾക്കാണ് കൂടുതൽ ശ്രദ്ധയും അവസരങ്ങളും നൽകേണ്ടത്.

മേഖല -യുക്തിസമർത്ഥനം

ഈ മേഖലയിൽ 40% കുട്ടികൾ മികവ് പുലർത്തുന്നുണ്ട് 20 ശതമാനം അധ്യാപികയുടെ ചെറിയ സഹായത്തോടെ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നു.. 40% ത്തിന് കൂടുതൽ ശ്രദ്ധയും പരിഗണനയും ആവശ്യമുണ്ട്

മേഖല- നിർമ്മാണം

50% കുട്ടികളും ഈ മേഖലയിൽ നികവുപുലർത്തുന്നു 40% കുട്ടികൾക്ക് ചെറിയ സഹായം സ്വീകരിച്ചുകൊണ്ട് പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിയുന്നു. 10% കുട്ടികൾക്ക് പ്രത്യേക ശ്രദ്ധയും കൈത്താങ്ങ് നൽകേണ്ടതുണ്ട്.

വിഷയം- സാമൂഹികാവബോധം

മേഖല- വിമർശനപരമായി വിലയിരുത്തുന്നു.

40% കുട്ടികൾക്ക് ഈ മേഖലയിൽ മികവുണ്ട്. 45% കുട്ടികൾക്ക് ചെറിയ സഹായം സ്വീകരിച്ചുകൊണ്ട് കാര്യങ്ങൾ പൂർത്തിയാക്കാൻ കഴിയുന്നു. 15 ശതമാനം കുട്ടികൾക്ക് കൂടുതൽ പരിഗണനയും കൈത്താങ്ങും ആവശ്യമുണ്ട്
മേഖല- സന്ദർഭനുസരണം വ്യാഖ്യാനിക്കുന്നു.
50 ശതമാനം കുട്ടികൾക്കും ഈ ശേഷി നേടാൻ കഴിഞ്ഞിട്ടുണ്ട്. 30% കുട്ടികൾക്ക് ചെറിയ സഹായത്തോടെ കാര്യങ്ങൾ ചെയ്യാനാകുന്നു. 20% കുട്ടികൾക്ക് കൂടുതൽ ശ്രദ്ധയും അവസരങ്ങളും നൽകേണ്ടതുണ്ട്.

വിഷയം- ശാസ്ത്രഭിമുഖ്യം

മേഖല- അന്വേഷിച്ച് കണ്ടെത്താനുള്ള താല്പര്യം

60% കുട്ടികൾക്കും ഈ മേഖലയിൽ മികവുണ്ട് 30 ശതമാനം കുട്ടികൾ ചെറിയ സഹായം സ്വീകരിച്ചുകൊണ്ട് പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നു. 10 ശതമാനം കുട്ടികൾക്കാണ് കൂടുതൽ ശ്രദ്ധയും പരിഗണനയും നൽകേണ്ടത്.

മേഖല- തെളിവുകളുടെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കൽ

60% കുട്ടികൾ നിർദ്ദേശിഷ്ട നിലവാരത്തിൽ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നു. 30 ശതമാനം കുട്ടികൾക്ക് ചെറിയ സഹായം ആവശ്യമുണ്ട്. 10% കുട്ടികൾ കൂടുതൽ ശ്രദ്ധയും അവസരങ്ങളും ആവശ്യമുള്ളവരാണ്'

## ക്ലാസ്സ് നാല്

### വിഷയം- ഭാഷ

#### മേഖല- വായന

40% കുട്ടികൾ നിർദിഷ്ട നിലവാരത്തിൽ ഈ ശേഷി പ്രകടിപ്പിക്കുന്നു. 45% കുട്ടികൾക്ക് അധ്യാപികയുടെ ചെറിയ സഹായത്തോടെ വായിക്കാനാവുന്നു. 15 ശതമാനം കുട്ടികൾ ഈ മേഖലയിൽ കൂടുതൽ ശ്രദ്ധയും പരിഗണനയും അർഹിക്കുന്നവരാണ്.

#### മേഖല- ലേഖനം

45% കുട്ടികളാണ് ലേഖനത്തിൽ മികവ് പുലർത്തുന്നത് 55 ശതമാനം കുട്ടികൾക്ക് അധ്യാപികയുടെ സഹായത്തോടെ ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു

#### മേഖല- ഭാഷണം

50% കുട്ടികളും ഈ മേഖലയിൽ നിർദ്ദിഷ്ട നിലവാരം പാലിക്കുന്നു.. 40% കുട്ടികൾക്ക് ചെറിയ സഹായത്തോടെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയുന്നു. 10% കുട്ടികൾ ഈ മേഖലയിൽ കൂടുതൽ ശ്രദ്ധയും പരിഗണനയും അർഹിക്കുന്നുണ്ട്.

### വിഷയം- ഗണിതം

#### മേഖല- സംഖ്യ വ്യാഖ്യാനം

60% കുട്ടികൾക്കും സംഖ്യാ വ്യാഖ്യാനത്തിൽ മികവ് പ്രകടിപ്പിക്കാൻ കഴിയുന്നു. 20% കുട്ടികൾക്ക് ചെറിയ സഹായത്തോടെ സംഖ്യാ വ്യാഖ്യാനം നടത്താൻ കഴിയുന്നുണ്ട്. 10% കുട്ടികളാണ് ഈ മേഖലയിൽ പിന്നാക്കം നിൽക്കുന്നത്.

#### മേഖല- ഗണിത ഭാഷ

50% കുട്ടികൾ ഈ ശേഷി നേടിയിട്ടുണ്ട്. ബാക്കി 50 ശതമാനം കുട്ടികൾക്ക് അധ്യാപികയുടെ ചെറിയ സഹായത്തോടെ ഈ മേഖലയിൽ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയുന്നു.

#### മേഖല- പ്രശ്നം പരിഹരണം

45% കുട്ടികൾ പ്രശ്നപരിഹരണം മികച്ച രീതിയിൽ ചെയ്യാൻ ശ്രമിക്കുന്നുണ്ട്. 35% കുട്ടികൾക്ക് ഈ മേഖലയിൽ ചെറിയ കൈത്താങ്ങ് ആവശ്യമാണ്. 20% കുട്ടികൾക്ക് കൂടുതൽ ശ്രദ്ധയും പരിഗണനയും നൽകേണ്ടതുണ്ട്.

## മേഖല- യുക്തി സമർത്ഥനം

50% കുട്ടികൾ ഈ മേഖലയിൽ നിർദ്ദിഷ്ട നിലവാരം പ്രകടിപ്പിക്കുന്നു. 40% കുട്ടികൾ അധ്യാപകരുടെ സഹായത്തോടെ ഈ മേഖലയിൽ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നു. 10 ശതമാനം കുട്ടികളാണ് ഈ മേഖലയിൽ കൂടുതൽ ശ്രദ്ധയും പരിഗണനയും ആവശ്യപ്പെടുന്നത്.

## മേഖല- നിർമ്മാണം

75% കുട്ടികളും ഈ മേഖലയിൽ മികവ് പ്രകടിപ്പിക്കുന്നു. ബാക്കിയുള്ള 25% കുട്ടികൾക്ക് ചെറിയ സഹായം മറ്റുള്ളവരിൽ നിന്ന് സ്വീകരിച്ച് പ്രവർത്തനം പൂർത്തീകരിക്കാൻ കഴിയുന്നുണ്ട്.

## വിഷയം- ഇംഗ്ലീഷ്

## മേഖല- വായന

40% കുട്ടികളാണ് ഇംഗ്ലീഷ് വായനയിൽ കഴിവ് പ്രകടിപ്പിക്കുന്നത്. 50 ശതമാനം കുട്ടികൾക്കും അധ്യാപകരുടെ ചെറിയ സഹായം ആവശ്യമാണ്. 10% കുട്ടികൾക്ക് കൂടുതൽ ശ്രദ്ധയും പരിഗണനയും ലഭിക്കേണ്ടതുണ്ട്

## മേഖല- ലേഖനം

30% കുട്ടികളാണ് ഇംഗ്ലീഷ് ലേഖനത്തിൽ കഴിവ് പ്രകടിപ്പിക്കുന്നത്. 50 ശതമാനം കുട്ടികൾക്ക് പ്രവർത്തനങ്ങളിൽ അധ്യാപകരുടെ സഹായം ആവശ്യമായി വരുന്നുണ്ട്. 20 ശതമാനം കുട്ടികൾക്ക് വലിയ രീതിയിൽ പിന്തുണയും പരിഗണനയും നൽകേണ്ടതുണ്ട് .

## മേഖല-ഭാഷണം

35% കുട്ടികൾ ഈ മേഖലയിൽ നിർദ്ദിഷ്ട നിലവാരം പാലിക്കുന്നു. 55% കുട്ടികൾക്കും അധ്യാപകരുടെ സഹായം ആവശ്യമായി വരുന്നു. 10% കുട്ടികൾക്ക് വലിയ തോതിൽ പരിഗണനയും കൈത്താങ്ങും നൽകേണ്ടതുണ്ട്.

## വിഷയം- സാമൂഹികാവബോധം

## മേഖല- വിമർശനപരമായി വിലയിരുത്തുന്നു.

ഈ മേഖലയിൽ 75% കുട്ടികളും നിർദിഷ്ട്ടനിലവാരത്തിൽ പ്രതികരിക്കുന്നുണ്ട്.
25% കുട്ടികൾക്ക് അധ്യാപകരുടെ ചെറിയ സഹായം ആവശ്യമായി വരുന്നുണ്ട്.

മേഖല- . സന്ദർഭനുസരണം വ്യാഖ്യാനിക്കുന്നു.

80 ശതമാനം കുട്ടികളും ഈ മേഖലയിൽ പ്രതീക്ഷിക്കുന്ന നിലവാരത്തിൽ പ്രതികരിക്കുന്നു. 20 ശതമാനം കുട്ടികൾക്ക് കൈത്താങ്ങ് ആവശ്യമായി വരുന്നുണ്ട്.

വിഷയം-ശാസ്ത്രഭിമുഖ്യം

മേഖല- തെളിവുകളുടെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കൽ

80% കുട്ടികളും പ്രതീക്ഷിക്കുന്ന നിലവാരത്തിൽ പ്രതികരിക്കുന്നു. 20% കുട്ടികൾക്ക് കൈത്താങ്ങ് ആവശ്യമായി വരുന്നു

മേഖല- അന്വേഷിച്ച് കണ്ടെത്താനുള്ള താല്പര്യം

75% കുട്ടികളും ഈ മേഖലയിൽ പ്രതീക്ഷിക്കുന്ന നിലവാരത്തിൽ പ്രതികരിക്കുന്നു. 25 ശതമാനം കുട്ടികൾക്ക് കൈത്താങ്ങ് ആവശ്യമായി വരുന്നു.

പ്രശ്നങ്ങൾ - ഭൗതികസാഹചര്യം

1. ആകർഷകമായ കെട്ടിടത്തിന്റെയും അനുബന്ധ സൗകര്യങ്ങളുടെയും അഭാവം.
2. കായിക പരിശീലനത്തിനുള്ള അസൗകര്യം.
3. കലാപഠനത്തിനുള്ള സൗകര്യമില്ലായ്മ.
4. കളിസ്ഥലത്തിന്റെ അപര്യാപ്തത.
5. ഓപ്പൺ ഓഡിറ്റോറിയത്തിന്റെ അഭാവം.
6. സജീവമായ പിടിഎ, എസ്എംസി കമ്മിറ്റികളുടെ അഭാവം.
7. യാത്രാസൗകര്യങ്ങളുടെ അപര്യാപ്തത.
8. ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുള്ള രക്ഷിതാക്ക അമിതാവേശം.
9. ഇന്റർനെറ്റിന്റെ അഭാവം,

| | | | | | |
|---|---|---|---|---|---|
| ഗണിതാഭിരുചി വളർത്തൽ. | ഗണിതത്തോട് താൽപര്യം വർധിപ്പിക്കാനും ചതുഷ്ക്രിയകൾ ഉറപ്പിക്കാനും ഉതകുന്ന ഗണിതകളികൾ, ഗണിത കൗതുകം, കുസൃതി കണക്ക്, ഇവ കൂടെ ശേഖരണം ക്ലാസ്സ്ഥാനത്തിൽ ശേഖരിക്കുന്നു. അവതരിപ്പിക്കുന്നു. മാസാന്ത്യമത്സരങ്ങൾ നടത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ്ടീച്ചർ SRG | Staff | |
| ശാസ്ത്രീയബോധവും അന്വേഷണവും നിരീക്ഷണശേഷിയും വർധിപ്പിക്കൽ. | ശാസ്ത്രപതിപ്പുകൾ ക്ലാസ്സ്ഥാനത്തിൽ നിരന്തരം സംഘടിപ്പിക്കുന്നു. പരീക്ഷണമേളകൾ സംഘടിപ്പിക്കുന്നു. ശേഖരിക്കുന്നു. | സെപ്റ്റംബർ മുതൽ ജനുവരി വരെ. | SRG. ക്ലാസ്ടീച്ചർ HM | BRC. | |
| | | | | | |

| No | ലക്ഷ്യം/മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | പ്രവൃത്തിപരിചയ ശിൽപശാല: കരകൗശലപ്രവൃത്തി പരിചയ നൈപുണികൾ വികസിപ്പിക്കുന്നു. | വിദഗ്ധരുടെ ക്ലാസുകൾ രക്ഷിതാക്കൾക്കും കുട്ടികൾക്കും ലഭ്യമാക്കുന്നു. പ്രായോഗിക പരിശീലനം നൽകുന്നു. | നവംബർ | HM SRG | PTA/SMC | |
| | നാടക/ അഭിനയ കളരി | നാടകം പരിചയപ്പെടുത്തുന്നു. അഭിനയ ശിൽപശാല സംഘടിപ്പിക്കുന്നു. നാടക രചനയുടെ ബാല പാഠം അഭ്യസിക്കുന്നു. | ഒക്ടോബർ | SRG PTA. | BRC | |
| | കായിക പരിശീലനം. വിദ്യാർത്ഥികളുടെ കായികശേഷി വികാസം. | വിദഗ്ധരുടെ പരിശീലനം ലഭ്യമാക്കുന്നു. ഓരോ ക്ലാസിലെയും കായിക പ്രതിഭകളെ കണ്ടെത്തി പരിശീലനം | നവംബർ ഒക്ടോബർ മാസങ്ങൾ | SRG PTA. | PTA. | |

| Sl. No. | ലക്ഷ്യം/മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണച്ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ഭാഷാപഠന നിലവാരം ഉയർ | രക്ഷിതാക്കളുടെ ശിൽപശാല. SRG, class Pta, അവലോകന | ജൂൺ- | SRG. രക്ഷിതാക്കൾ | BRC. [illegible] | |

| Sl. No. | ലക്ഷ്യം/മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണച്ചുമതല | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1 | ഭാഷാപഠന നിലവാരം ഉയർത്തുക. | രക്ഷിതാക്കളുടെ ശിൽപശാല. SRG, Class Pta, അവതരണം ബോധവൽക്കരണം. പഠനോപകരണ നിർമ്മാണം (ക്ലാസ്തലം) അവതരണം. | ജൂൺ-ജൂലൈ. | SRG. രക്ഷിതാക്കൾ. | BRC. Staff | |
| 2 | സംയുക്ത ഡയറി. കൂടുതൽ മെച്ചപ്പെടുത്തുന്നു. വ്യാപിപ്പിക്കുന്നു std I & II | മാതൃകാ അവതരണം. (രക്ഷിതാക്കളുടെ യോഗത്തിൽ) ബോധവൽക്കരണം. മികച്ച ഡയറി തിരഞ്ഞെടുത്ത് സമ്മാനം., മികച്ച ഡയറി കളുടെ അവതരണം. പ്രകാശനം | ജൂൺ മുതൽ. | ക്ലാസ് അധ്യാപകർ, SRG. രക്ഷിതാക്കൾ. | — | |
| 3. | റിവേഴ്സ് തിയേറ്റർ. (വിവിധ വ്യവഹാര രൂപങ്ങൾ ആശയങ്ങൾ ഉൾക്കൊണ്ട് ഭാവാത്മകമായി അവതരിപ്പിക്കുന്നു. വിവിധ നില വാരക്കാരെ ഉൾപ്പെടുത്തി) | ബാലസഭയുടെ ഭാഗമായി റിവേഴ്സ് തിയേറ്റർ പ്രവർത്തനങ്ങൾ നടപ്പാക്കുന്നു മികച്ച അവതരണങ്ങളെ അനുമോദിക്കുന്നു. മെച്ചപ്പെടുത്താനുള്ള ചർച്ചകൾ, അവതരണം നടപ്പാക്കുന്നു. | ജൂലൈ മുതൽ | ക്ലാസ് അധ്യാപകർ SRG. | — | |

| നം | ലക്ഷ്യം/മേഖല. | പ്രവർത്തനങ്ങൾ | കാലയളവ്. | ചുമതല | സാമ്പത്തികം | റിമാർക്സ്. |
| --- | --- | --- | --- | --- | --- | --- |
| | സർഗാത്മക ഡയറി. std III & IV തന്റെ അനുഭവങ്ങൾ ആത്മാംശത്തോടെ സർഗാത്മകമായി അടുക്കുംചിട്ടയും പാലിച്ച് രേഖപ്പെടുത്തുന്നു. | മൂന്ന്, നാല് ക്ലാസുകളിലെ കുട്ടികൾക്ക് രചനാവൈഭവം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി സർഗാത്മക ഡയറി നടപ്പിലാക്കുന്നു. സ്വന്തം അനുഭവങ്ങളും, അഭിപ്രായങ്ങളും, തോന്നലുകളും വികാരങ്ങളും എഴുത്തിലൂടെ അവർക്ക് അനുഭവവേദ്യമാകുംവിധം അവതരിപ്പിക്കാൻ അവസരം കിട്ടുന്നു. | ജൂലൈ അവസാനം മുതൽ. | ക്ലാസ് ടീച്ചർ SRG. | | |
| | ദിനാചരണങ്ങൾ. ഓരോ പ്രധാന ദിനാചരണങ്ങളും അവയുടെ ആശയം കുട്ടികളിലെത്തും വിധം നടപ്പാക്കുന്നു. | പ്രദർശനങ്ങൾ, ഫീൽഡ്ട്രിപ്പ്, ക്വിസ്, പതിപ്പു നിർമാണം, ICT. സംവാദങ്ങൾ അഭിമുഖം വിദഗ്ധ ക്ലാസുകൾ, കലാപരിപാടികൾ. | ജൂൺ മുതൽ മാർച്ച് വരെ. | HM, PTA. SRG. | PTA/SMC/ staff. | |

| Sl.No | ലക്ഷ്യം/മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | വായനശീലം വളർത്തുക, സ്വതന്ത്ര വായനയെ പ്രോത്സാഹിപ്പിക്കുക. | ലൈബ്രറി ശാക്തീകരണം. ക്ലാസ് ലൈബ്രറി സജ്ജീകരണം. അമ്മ വായന. നല്ല വായനക്കാരന് സമ്മാനം. പിറന്നാൾ പുസ്തകം. | ജൂൺ മുതൽ മാർച്ച് | SRG ക്ലാസ് ടീച്ചർ HM. | PTA/staff | |
| | പുതിയ സ്ഥലങ്ങൾ/ ആളുകൾ/ പ്രകൃതി/ അനുഭവം/ പരിചയപ്പെടുന്നു. യാത്രാ കുറിപ്പുകൾ തയ്യാറാക്കുന്നു. | പഠനയാത്ര. ഫീൽഡ് ട്രിപ്പ്. അനുഭവകുറിപ്പ് തയ്യാറാക്കൽ യാത്രാവിവരണം തയ്യാറാക്കൽ | ജനുവരി മുതൽ മാർച്ച്. | SRG HM PTA. | PTA | |
| | വിവിധ കൃഷി, കൃഷി രീതികൾ. ജൈവകൃഷി, കർഷകർ നേരിടുന്ന വെല്ലുവിളികൾ മനസ്സിലാക്കുന്നു. | സ്കൂളിലും, പരിസരത്തും പച്ചക്കറി, പൂകൃഷി നടത്തുന്നു. കുട്ടികൾക്ക് കൃഷിയുടെ നേരനുഭവങ്ങൾ പ്രദമാക്കുന്നു. | ജൂലൈ മുതൽ ഒക്ടോബർ വരെ. | PTA. staff | PEC | |

| ക്ര | ലക്ഷ്യം/മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ്. |
|---|---|---|---|---|---|---|
| | കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നു കൂടുതൽ അവസരങ്ങൾ ലഭ്യമാക്കുന്നു. | രചനാ ശിൽപശാല<br>അതിഥി ക്ലാസുകൾ<br>രചനാ മത്സരങ്ങൾ.<br>സ്വന്തം രചനകൾ അവതരിപ്പിക്കൽ<br>ക്ലാസ് ലൈബ്രറികളിലൂടെ പങ്ക് വെക്കൽ-<br>സ്വന്തം കൃതികളുടെ പ്രകാശനം | ജൂലൈ മുതൽ ജനുവരി വരെ. | ക്ലാസ് ടീച്ചർ<br>SRG.<br>HM.<br>PTA. | PTA<br>BRC | |
| | **കലാകായികമേള**<br>കുട്ടികൾക്ക് അവരുടെ കലാപരമായതും കായികപരമായതുമായ മികവുകൾ പൊതു ജനങ്ങൾക്കുമുമ്പിൽ പ്രകടിപ്പിക്കാനവസരം ലഭ്യമാക്കുന്നു. | സ്കൂൾ കലോത്സവം,<br>സ്കൂൾ കായികമേള.<br>സോണൽ കലോത്സവം<br>സോണൽ കായികമേള<br>സബ്ജില്ലാ കലോത്സവങ്ങളിൽ, പങ്കെടുപ്പിക്കുന്നു.<br>പ്രതിഭകളെ അനുമോദിക്കുന്നു.<br>സ്കൂൾ വാർഷികം-<br>മുഴുവൻ കുട്ടികൾക്കും അവസരം. | സെപ്തംബർ മുതൽ ജനുവരി വരെ. | SRG<br>PTA<br>MPTA. | PTA<br>Staff. | |

| നം | ലക്ഷ്യം/മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ഉത്തരവാദി | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | ആരോഗ്യ ശുചിത്വ ശീലങ്ങൾ പാലിച്ച് രോഗങ്ങളെ അകറ്റുന്നു. | ആരോഗ്യപ്രവർത്തകരുടെ ബോധവൽക്കരണ ക്ലാസ് കുട്ടികൾക്കും, രക്ഷിതാക്കൾക്കും, എല്ലാ ക്ലാസിലും, ക്ലാസ് ഹെൽത്ത് ഇൻസ്പെക്ടറെ തിരഞ്ഞെടുത്ത് വ്യക്തി ശുചിത്വം, ആരോഗ്യ ശീലങ്ങൾ പാലിക്കാത്തവരെ കണ്ടെത്തി. തിരുത്തുന്നു. | ജൂലൈ മുതൽ ഫെബ്രുവരി വരെ | ക്ലാസ് ടീച്ചർ<br>SRG<br>PTA | PTA. | |
| | ഇംഗ്ലീഷ് ഭാഷയിൽ ആശയങ്ങൾ പ്രകടിപ്പിക്കാൻ അവസരം. ആത്മവിശ്വാസം വളർത്തൽ. | ഇംഗ്ലീഷ് അസംബ്ലി.<br>ക്ലാസ് മുറിക്കു പുറത്തും ആശയ വിനിമയത്തിന് ഇംഗ്ലീഷ് പ്രോത്സാഹിപ്പിക്കൽ<br>ഇംഗ്ലീഷ് ഡയറി (std IV)<br>Word Game,<br>Play and talk. | ജൂലൈ മുതൽ ജനുവരി വരെ | ക്ലാസ് ടീച്ചർ<br>SRG. | | |

– അറബിക് –

| ലക്ഷ്യം/മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| തെറ്റ് കൂടാതെ വായിക്കുവാനുള്ള കഴിവ് നേടുന്നു. | അക്ഷര വായന - std I | ജൂൺ - ജൂലൈ | | |
| | ക്ലാസ് വായന - std I–IV | ജൂൺ - ഫെബ്രുവരി | അധ്യാപിക | |
| | ലൈബ്രറി വായന I–IV | | | |
| | ചിത്ര വായന std I | ജൂൺ - ജൂലൈ | | |
| | മാഗസിൻ വായന | നവംബർ - ഡിസംബർ | | |
| | വീട് വായന | | | |
| | കഥാ വായന I–IV | | | |
| | വായന മത്സരങ്ങൾ | ജൂൺ - മാർച്ച് | | |
| | മോണിറ്ററിംഗ് | ജൂൺ - മാർച്ച് | | |
| | വാക്യങ്ങൾ ഉറപ്പിക്കൽ | | | |
| | ഇ- വായന | ജൂൺ - മാർച്ച് | | |
| | വ്യാകരണങ്ങൾ - III–IV | | അധ്യാപിക | |
| അറബി ഭാഷ സംസാരിക്കുന്നതിനുള്ള ആത്മവിശ്വാസം ഉണ്ടാക്കുന്നതിന് | ഇ-ടെക്സ്റ്റ് ഉപയോഗിച്ച് I–IV | | | |
| | അതിലൂടെ സംഭാഷണങ്ങൾ കേൾപ്പിക്കൽ | | | |
| | ലാംഗ്വേജ് ഗെയിംസ് - IV | | | |
| | റോൾ പ്ലേ - | | | |

| ലക്ഷ്യം/മേഖല | പ്രവർത്തനങ്ങൾ - ക്ലാസ് | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറബി ഭാഷ എഴുത്തിന്റെ പരിപോഷണം | - അക്ഷരങ്ങൾ ഉറപ്പിക്കൽ<br>- പദങ്ങൾ ഉറപ്പിക്കൽ | ജൂൺ-മാർച്ച് | | അധ്യാപകർ<br>PTA<br>GK<br>SRG |
| | - ചിഹ്നങ്ങൾ ഉറപ്പിക്കൽ | ജൂൺ-മാർച്ച് | | |
| | - കുറി എഴുത്ത് I-IV | ജൂൺ-മാർച്ച് | അധ്യാപകർ | |
| | - അക്ഷര കാർഡ് - I-IV നിർമ്മാണം | ജൂൺ-മാർച്ച് | | |
| | - കൈയെഴുത്ത് മാസിക | ജൂൺ-മാർച്ച് | | |
| | - ചുമർ പത്രിക III-IV നിർമ്മാണം. | നവംബർ | | |
| | - ചാർട്ട് എഴുത്ത് IV | സെപ്റ്റംബർ-മാർച്ച് | | |
| | - ചിത്ര കഥ I-IV | ഒക്ടോബർ മാർച്ച് | | |
| | - Translation<br>malayalam - to Arabic<br>Arabic to malayalam<br>Arabic to English<br>English to Arabic | ജൂൺ - മാർച്ച് | അധ്യാപകർ | അധ്യാപകർ<br>PTA<br>SRG |